## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 545 — 09/07/2012 -ൽ മറുപടിക്ക്

## എച്ച്.ഐ.വി. ബാധിതരായ കുട്ടികളെ സഹായിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) എച്ച്.ഐ.വി. ബാധിതരായ കുട്ടികളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് കൈക്കൊണ്ടിട്ടുള്ളത് ;<br><br>(ബി) ഇതിനുള്ള ധനാഗമമാർഗ്ഗം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ;<br><br>(സി) പ്രസ്തുത സംരംഭത്തിൽ സഹായത്തിനായി അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തെ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (എ), (ബി), (സി) ആന്റ് (ഡി)<br>എച്ച്.ഐ.വി. ബാധിതരായ കുട്ടികളുടെ പഠനം ഉറപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് RTE Act പ്രകാരം നടപടിയെടുത്തിട്ടുണ്ട്. പ്രത്യേകമായി ഈ കുട്ടികളെ സഹായിക്കാൻ പ്രത്യേക പദ്ധതികളൊന്നും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലില്ല. എച്ച്.ഐ.വി. ബാധിതരായ കുട്ടികളേയും അവരുടെ രക്ഷിതാക്കളേയും ബോധവൽക്കരണ പരിപാടികൾക്ക് വിധേയമാക്കുന്നത് അഭികാമ്യമായിരിക്കും. അതുപോലെ തന്നെ മറ്റു കുട്ടികൾക്കും രക്ഷിതാക്കൾക്കും കൂടി ബോധവൽക്കരണ പരിപാടികൾ ആരോഗ്യ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. എയിഡ്സ് കൺട്രോൾ സൊസൈറ്റി വഴി കൗമാരക്കാരായ കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ